(ബി) എന്തെല്ലാം പദ്ധതികൾ ഏതെല്ലാം ഊരുകളിൽ പൂർത്തിയാക്കിയെന്നും ഓരോ പദ്ധതികൾക്കായി എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം ഊരുകളിൽ എന്തെല്ലാം പദ്ധതികൾ ഇനിയും പൂർത്തീകരിക്കാത്തതും നടപ്പാക്കാത്തതുമായി ഉണ്ടെന്നും വിവരിക്കാമോ ; പ്രസ്തുത ഇനത്തിൽ ചെലവഴിക്കാൻ ബാക്കി എത്ര രൂപ ശേഷിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആദിവാസി പുനരധിവാസ മേഖലയിൽ ആദിവാസി മിഷൻ 2014-15 സാമ്പത്തിക വർഷത്തിൽ മാർച്ച് 31വരെ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം I, II എന്നിവയിൽ ചേർത്തിട്ടുണ്ട്.* ആദിവാസി പുനരധിവാസ മിഷന് അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 20 കോടിരൂപയിൽ 19,99,14,033 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 2014-15 വർഷം പൂർത്തീകരിച്ച പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം I-ൽ ചേർത്തിട്ടുണ്ട്.*

(സി) 2014-15 വർഷം തുക അനുവദിച്ചതും പൂർത്തീകരിക്കാത്തതുമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം -2 ൽ ചേർത്തിട്ടുണ്ട്.* ഇതിൽ ക്രമനമ്പർ (2) ൽ ചേർത്തിരിക്കുന്ന ആറളം റെയിൽ ഫെൻസിംഗ് പദ്ധതിക്കായി ഇനിയും 2,62,80,000 രൂപ നൽകുവാനുണ്ട്. ആയത് 2015-16 വർഷം ചെലവഴിക്കുന്നതാണ്.

ആദിവാസി വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

289 (637) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ ശിശുമരണങ്ങളെക്കുറിച്ചും ആദിവാസിക്ഷേമ പദ്ധതി നടത്തിപ്പിലെ വീഴ്ചകളെക്കുറിച്ചും ദേശീയ മനുഷ്യവകാശ കമ്മീഷൻ വിശദീകരണം ആവശ്യപ്പെട്ടിരുന്നോ ;

(ബി) എങ്കിൽ അതിന് നൽകിയ വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

875/17

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

ആദിവാസി ക്ഷേമ ഫണ്ടുകൾ ക്രിയാത്മകമായി ഉപയോഗപ്പെടുത്തുന്നതിലുള്ള ഗുരുതരമായ വീഴ്ച

290 (638) ശ്രീ. എ. കെ. ബാലൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. വി. വിജയദാസ് :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലയിലെ കുട്ടികൾക്ക് പോഷകാഹാര കുറവ്മൂലമുള്ള മരണങ്ങൾ തുടരുന്നതായ വാർത്തകൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ആദിവാസികളുടെ ക്ഷേമത്തിനായി ലഭ്യമാകുന്ന ഫണ്ടുകൾ ക്രിയാത്മമായി ഉപയോഗപ്പെടുത്താത്തതാണ് ഇതിന് കാരണമാകുന്നതെന്നും ഇതിനായി സർക്കാരിന്റെ ഭാഗത്തുനിന്ന് പ്രഖ്യാപനമല്ലാതെ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) പോഷകാഹാര കുറവ്മൂലം ആദിവാസി കുട്ടികളും അമ്മമാരും നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നിരന്തരം പദ്ധതികൾ പ്രഖ്യാപിച്ചിട്ടും ഇതുമൂലമുള്ള ഗുരുതരമായ പ്രശ്നങ്ങൾ ഇപ്പോഴും തുടരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആദിവാസി ക്ഷേമത്തിനായി ലഭ്യമാകുന്ന ഫണ്ടുകൾ ക്രിയാത്മകമായി യഥാസമയം ടി ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി വിനിയോഗിക്കുകയും, അടിയന്തര ഘട്ടങ്ങളിൽ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുകയും നടപ്പാക്കുകയും ചെയ്യുന്നുണ്ട്. ഓരോ വർഷവും പദ്ധതി വിഹിതം 90 മുതൽ 95% വരെ ചെലവഴിക്കുന്നുണ്ട്.